പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 845

28.09.2011-ൽ മറുപടിയ്ക്കു്

## ശബരിമലയിലെ തിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ

ചോദ്യം

ശ്രീ. രാജു എബ്രഹാം

ഉത്തരം

ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ശബരിമലയിലെ തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി നിർമ്മിക്കാനുദ്ദേശിക്കുന്ന കര സേനയുടെ 'ബെയ്‌ലി പാല' ത്തിന് എത്ര രൂപയാണ് ചെലവുവരുന്നത്; | (എ) കരസേനയിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ഉദ്ദേശം 90 ലക്ഷം രൂപാ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) 1,30,11,200/- രൂപയുടെ ധാരണാപത്രം കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനും ശബരിമല ഹൈപ്പവർ കമ്മറ്റിയും ചേർന്ന് ഒപ്പുവച്ചിട്ടുണ്ട്. മാളികപ്പുറം ക്ഷേത്രത്തിന് സമീപത്ത് നിന്നാരംഭിച്ച് ശ്രീധർമ്മശാസ്താ ക്ഷേത്ര തിരുമുറ്റത്തിന് പിൻഭാഗത്ത് കൂടി ചന്ദ്രാനന്ദൻ റോഡിൽ ചെന്നുചേരുന്ന വിധത്തിലാണ് റോഡും പാലവും നിർമ്മിക്കുന്നത്. |
| (സി) പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് ഈ പുതിയ പാലവും അപ്രോച്ച് റോഡും തുറന്നു കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) ആരംഭിച്ചിട്ടുണ്ട്. ഈ വരുന്ന ഉത്സവകാലം ആരംഭിക്കുന്നതിന് മുൻപ് അപ്രോച്ച് റോഡും, പാലവും തുറന്നുകൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) പുതിയ സംവിധാനം ഏർപ്പെടുത്തുന്നതുവഴി തിരക്ക് എങ്ങനെ കുറയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്; | (ഡി) അയ്യപ്പദർശനം കഴിഞ്ഞ് തീർത്ഥാടകർ മാളികപ്പുറം വഴി പുതിയ റോഡിലൂടെയും പാലത്തിലൂടെയും ചന്ദ്രാനന്ദൻ റോഡിൽ എത്തിച്ചേർന്ന് പമ്പയിലേക്ക് മടങ്ങുക വഴി തിരക്ക് കുറയ്ക്കുവാൻ കഴിയും. |
| (ഇ) ഇതിനായി സംസ്ഥാന സർക്കാർ എത്ര കോടി രൂപയാണ് മുടക്കുന്നത്; ബാക്കി തുക എങ്ങനെ കണ്ടെത്തും? | (ഇ) ശബരിമല വികസനത്തിനുവേണ്ടി സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള തുകക്കു പുറമേ ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുവാൻ വേണ്ടി രൂപീകരിച്ചിട്ടുള്ള ഹൈപ്പവർ കമ്മിറ്റി വഴി സ്വരൂപിക്കുന്ന ഫണ്ടും ഇതിലേക്കായി വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ